2. അന്ത്യോദയ അന്നയോജന

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരിൽ കൂടുതൽ പാവപ്പെട്ടവരായ ആളുകളെ തെരഞ്ഞെടുത്ത് പ്രതിമാസം 3 രൂപ നിരക്കിൽ 35 കിലോ അരി നൽകുന്നു.

3. അന്നപൂർണ്ണ

65 വയസ്സിനുമേൽ പ്രായമുള്ളവരും കേന്ദ്ര അഗതി പെൻഷന് അർഹതയുള്ളവരും എന്നാൽ പെൻഷൻ ലഭിക്കാത്തതുമായ അഗതികൾക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകിവരുന്നു.

(സി) മണ്ണെണ്ണ അലോട്ട്മെന്റ് വർദ്ധിപ്പിക്കുവാൻവേണ്ടി കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു. ഗോതമ്പിന്റെ ഉപഭോഗത്തിനനുസരിച്ച് അലോട്ട്മെന്റ് ലഭിക്കുന്നുണ്ട്.

(ഡി) ബി.പി.എൽ — 1571203 കുടുംബങ്ങൾ

അന്ത്യോദയ അന്നയോജന — 471800 ,,

അന്നപൂർണ്ണ — 44980 ,,

	ബി.പി.എൽ. (അരി) (മെ.ടൺ)	*അന്ത്യോദയ (മെ.ടൺ)*	*അന്നപൂർണ്ണ (മെ.ടൺ)*	*ബി.പി.എൽ. (ഗോതമ്പ്) (മെ.ടൺ)*
2001-02	368380	71460	3758	..
2002-03	552564	100044	4887	..
2003-04	503307	117597	3715.6	31704
2004-05	371154	157744	3715.6	123710

റേഷൻകടകളും റേഷൻ കാർഡുടമകളും

295 [1178] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം സംസ്ഥാനത്താകെ നിലവിലുണ്ടായിരുന്ന റേഷൻ കാർഡുടമകളുടെ എണ്ണവും ഇപ്പോഴുള്ള റേഷൻ കാർഡുടമകളുടെ എണ്ണവും വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ജനസംഖ്യാ വർദ്ധനവിനും കുടുംബങ്ങളുടെ എണ്ണത്തിലെ വർദ്ധനവിനും ആനുപാതികമായി റേഷൻ കാർഡിന്റെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;

(സി) 2001 മേയ് മാസത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന റീട്ടെയിൽ റേഷൻകടകളുടെ എണ്ണവും നിലവിലുള്ള എണ്ണവും വെളിപ്പെടുത്താമോ;

(ഡി) 2001 മേയ് മാസത്തിനുശേഷം നാളിതുവരെ പുതുതായി എത്ര റീട്ടെയിൽ റേഷൻഡിപ്പോകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001 മേയ് മാസം സംസ്ഥാനത്താകെ 6353254 റേഷൻ കാർഡുടമകൾ ഉണ്ടായിരുന്നു. 2005 മേയ് മാസത്തിൽ 6638997 റേഷൻ കാർഡുടമകളുണ്ട്.

(ബി) ഉണ്ട്.

(സി) 2001 മേയ് മാസത്തിൽ സംസ്ഥാനത്താകെ 14226 റീട്ടെയിൽ റേഷൻ കടകളുണ്ടായിരുന്നു. 2005 മേയ് മാസത്തിൽ 14151 റീട്ടെയിൽ റേഷൻകടകൾ നിലവിലുണ്ട്.

(ഡി) 2001 മേയ് മാസത്തിനുശേഷം നാളിതുവരെ പുതുതായി 36 റേഷൻ കടകൾകൂടി അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്ക് പകരം പുതിയ കാർഡ് കിട്ടുന്നതിനുള്ള നടപടി

296 [1179] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്ക് പകരം കാർഡ് കിട്ടുന്നതിനുള്ള നടപടിക്രമം പുതുക്കിയിട്ടുണ്ടോ;

(ബി) പുതിയ കാർഡ് കിട്ടുന്നതിന് ആവശ്യമായിവരുന്ന കുറഞ്ഞ കാലയളവ് എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) റേഷൻ കാർഡിലെ അക്ഷരത്തെറ്റുകൾ തിരുത്തുന്നതിന് ഇപ്പോഴുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആവശ്യമായ എല്ലാ രേഖകളോടുംകൂടി അപേക്ഷ സമർപ്പിക്കുന്നവർക്ക് രണ്ട് ദിവസങ്ങൾക്കുള്ളിൽ പുതിയ കാർഡ് നൽകാൻ കഴിയും.

(സി) ഇപ്പോൾ ലഘുവായ നടപടിക്രമങ്ങളാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly